ഭൂജലവകുപ്പ് വഴി കൈവരിച്ചിട്ടുണ്ട്.

മൈക്രോ വാട്ടർ സപ്ലൈ സ്കീം	- 87 എണ്ണം
ഹാന്റ് പമ്പ് പദ്ധതി	- 53 എണ്ണം
ബോർവെൽ/ട്യൂബ് വെൽ	- 377 എണ്ണം
ഹാന്റ് പമ്പ് റിപ്പയർ	- 299 എണ്ണം

കനോലി കനാൽ ജലഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതി

239 (904) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാതയായ കനോലി കനാൽ ജല ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ വിനിയോഗിച്ചെന്നും വിശദമാക്കാമോ ;

(സി) മലപ്പുറം ജില്ലയിൽ കനാലിന്റെ പ്രവൃത്തി ഏതുഘട്ടംവരെ പൂർത്തിയായിട്ടുണ്ട് ;

(ഡി) ശേഷിക്കുന്ന ഭാഗം ഇരുകരകളും കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കോഴിക്കോട് ജില്ലയിലെ വടകരവരെ 208 കി.മീ. ദൈർഘ്യത്തിലുള്ള ജലപാതയാണ് കനോലി കനാൽ എന്നറിയപ്പെടുന്നത്. പ്രസ്തുത ജലപാതയിൽ പ്രകൃത്യായുള്ള ജലപാതകളും നിർമ്മിത കനാലുകളും പി.സി. കനാൽ, റ്റി.കെ. കനാൽ, കനോലി കനാൽ, ബി.കെ. കനാൽ, ഇ.കെ. കനാൽ, പയ്യോളി കനാൽ തുടങ്ങിയവ ഉൾപ്പെടുന്നു. നിലവിൽ ഇത് സംസ്ഥാന ജലപാതയാണ്. എന്നാൽ പ്രസ്തുത കനാൽ ദേശീയ ജലപാതയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷനിലും സംസ്ഥാന ഫണ്ടിലും ഉൾപ്പെടുത്തി വിവിധ ഭാഗങ്ങളിലായി 15.54 കി.മീ. നീളത്തിൽ 7 പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ റ്റി.കെ. കനാലിൽ രണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുകയും മറ്റൊരു പ്രവൃത്തി ഇ.കെ. കനാലിൽ 85%

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കി സാങ്കേതിക പ്രശ്നത്താൽ ടെർമിനേറ്റ് ചെയ്തു. മറ്റ് രണ്ട് പ്രവൃത്തികൾ (ഒന്ന് റ്റി.കെ. കനാലിലും മറ്റൊന്ന് പി.സി. കനാലിലും) പൂർത്തീകരണത്തോടടുക്കുന്നു. ബി.കെ. കനാലിൽ രണ്ട് പ്രവൃത്തികൾ പുരോഗതിയിലുമാണ്.

(ബി) ഈ പദ്ധതികൾക്കായി 3031 ലക്ഷം രൂപ വകയിരുത്തുകയും 430 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 268 ലക്ഷം രൂപയുടെ പെന്റിംഗ് ബില്ലുകളും സമർപ്പിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ കനോലി കനാലിന്റെ 1320 മീറ്റർ നീളം പുരോഗമന പ്രവൃത്തികൾ പൂർത്തിയായി.

(ഡി) ശേഷിക്കുന്ന ഭാഗങ്ങളുടെ വീതികൂട്ടി പാർശ്വഭിത്തികൾ സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

സംസ്ഥാനത്തെ ദേശീയ ജലപാത വികസനം

240 (905) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നദികളിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നവ ഏതെല്ലാമാണ് ;

(ബി) സംസ്ഥാനത്ത് ദേശീയ ജലപാത കടന്നുപോകുന്ന എല്ലാ നദികളും കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) ജലപാതയിൽ കൂടി ചരക്ക് നീക്കം ഉൾപ്പെടെയുള്ളവയ്ക്കായി സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കേന്ദ്ര സഹായത്തിന് സംസ്ഥാനം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ഡി) സംസ്ഥാനത്തെ ദേശീയ ജലപാതയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതികൾ എന്തൊക്കെയാണ് ; ഇതിനായി എന്ത് ചെലവ് പ്രതീക്ഷിക്കുന്നു ; കേന്ദ്ര സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്ന സഹായം എത്രയാണ് ?

ഉത്തരം

(എ) ദേശീയ ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 10 നദികളെ ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly